# കഥാകൃത്തായ കവി

## പ്രൊഫ. എം. അച്യുതൻ

വള്ളത്തോൾ വിദ്യാപീഠം മുൻപ് പ്രസിദ്ധപ്പെടുത്തിയതും വർഷങ്ങളായി അലഭ്യവുമായ ഇടശ്ശേരിക്കവിതകളുടെ സമ്പൂർണ സമാഹാരത്തിന്റെ പരിഷ്കൃതമായ രണ്ടാം പതിപ്പാണ് ഇടശ്ശേരി പബ്ലിക്കേഷൻസിന്റെ കനത്തതും കമനീയവും കാവ്യാസ്വാദകർക്ക് സ്പൃഹണീയവുമായ ഈ സമാഹാരം. കാവ്യാസ്വാദകർക്കും ഗവേഷകർക്കുമെല്ലാം വളരെ പ്രയോജനകരമായവണ്ണം കവിതകളുടെ രചനാകാലവും ഇടശ്ശേരി തന്നെ എഴുതിയ കുറിപ്പുകളും ലേഖനവും അദ്ദേഹത്തിന്റെ അപ്രകാശിത കവിതകളും കഥകളും ജീവചരിത്രവും പ്രത്യേകിച്ചും ഓരോ കവിതയുടേയും രചനയെപ്പറ്റി കൊടുത്തിട്ടുള്ള തലക്കുറിപ്പുകളും അടിക്കുറിപ്പുകളും ഇതിൽ ചേർത്തിട്ടുള്ളത് ഈ സമാഹാരത്തിന്റെ സംവിധാനത്തിൽ പ്രയോജനപരതയെക്കുറിച്ചുള്ള സമഗ്രാവബോധം പുലർത്തിയതിനു തെളിവാണ്.

ഇടശ്ശേരിക്കവിതകളുടെ സമ്പൂർണ്ണസമാഹാരത്തിന്റെ മുഖക്കുറിപ്പിൽ 'മരണത്തിനു പിൻപ് കൂടുതൽ വിസ്തൃതമായി വരുന്ന ഒരനുവാചക മണ്ഡലത്തെ ആകർഷിക്കുകയും സമകാലീന സഹൃദയർ തങ്ങൾക്കു നല്കിയിരുന്നതിനേക്കാൾ എത്രയോ അധികം ആദരം തുടർന്നുവരുന്ന തലമുറകളിൽ നിന്ന് ആർജിക്കുകയും ചെയ്യുന്ന കവികളിൽ' ഒരാളാണ് ഇടശ്ശേരിയെന്ന് എൻ. വി. കൃഷ്ണവാരിയർ നിരീക്ഷിച്ചിട്ടുണ്ട്. കാവ്യാസ്വാദക മണ്ഡലത്തിലെ രോഗപ്രവണമായ മധുരാന്ന ബുഭുക്ഷയെ ആരോഗ്യദായകമായ ആഹാരചര്യയിലേക്ക് ആനയിച്ച കാവ്യസരണിയുടെ സ്രഷ്ടാക്കളാണല്ലോ ഇടശ്ശേരിയും എൻ.വി.യും.

1906ൽ ജനിച്ച് ഇടശ്ശേരി 12–ാം വയസ്സിൽ കവിതകൾ കുത്തിക്കുറിക്കാൻ തുടങ്ങിയെങ്കിലും 1930 മുതൽ 74 വരെയുള്ള നാല്പത്തഞ്ചു വർഷങ്ങളാണ് ഈ വരകവിയുടെ കാവ്യജീവിതത്തിന്റെ ഫലപുഷ്ക്കലമായ കാലഘട്ടം. ഇടശ്ശേരിക്ക് ചങ്ങമ്പുഴയേക്കാൾ അഞ്ചുവയസ്സിന്റെ പ്രായക്കൂടുതലുണ്ട്. 1948ൽ ചങ്ങമ്പുഴ അന്തരിച്ചു. മലയാളത്തിൽ കാല്പനികകാവ്യവസന്തം സൃഷ്ടിച്ച ആ ഗാനഗന്ധർവൻ കാവ്യകുതുകികളുടെയെല്ലാം ആരാധനാപാത്രവും ഏറെ യുവപ്രതിഭകൾക്ക് അനുകാര്യനുമായി കഴിഞ്ഞിരുന്നു. എന്നാൽ 'അളകാവലി' എന്ന സമാഹാരം പ്രസിദ്ധംചെയ്ത 1940ലും തുടർന്നുള്ള ഒന്നര ദശകത്തിലും കവി എന്ന നിലയിൽ ഇടശ്ശേരി വേണ്ടപോലെ അറിയപ്പെട്ടിരുന്നത് പരിമിതമായ ഒരു വൃത്തത്തിലാണ്. അക്കൂട്ടത്തിൽ ചിലരുടെ പഴകിപ്പതിഞ്ഞ കാവ്യസങ്കല്പവും ഉദാസീനമായ സമീപനവും ഇടശ്ശേരിക്കവിത ബുദ്ധിപരവും പരുക്കനുമാണെന്ന് പാടേ തെറ്റായ ധാരണ പരത്താനും കാരണമായി.

പാതിപ്പട്ടിണിയും പങ്കപ്പാടുമായി കഴിഞ്ഞിരുന്ന വീട്ടിൽ നിന്ന് പതിനഞ്ചു വയസ്സുകാരനായ ഇടശ്ശേരി ജോലി തേടിയിറങ്ങി. ഏഴെട്ടുവർഷം ആലപ്പുഴയിൽ വക്കീൽ ഗുമസ്തപ്പണി നോക്കി. പിന്നെ പൊന്നാനിയിൽ വന്ന് അതേ തൊഴിൽ തുടർന്നു. അവിടെ കൃഷ്ണപ്പണിക്കർ സ്മാരക വായനശാലയെ കേന്ദ്രീകരിച്ച് ദേശീയ പ്രസ്ഥാന പ്രവർത്തനങ്ങളിലേർപ്പെട്ടു. ഗാന്ധിയൻ ആദർശങ്ങളെ സ്വാംശീകരിച്ചു. സ്ക്കൂൾ വിദ്യാർത്ഥിയായിരുന്നപ്പോൾ തുടങ്ങിയ കാവ്യരചന നിരന്തരം തുടർന്നുപോന്നു. വള്ളത്തോൾക്കവിതയുടെ സ്വാധീനശക്തിയിൽ നിന്ന് ക്രമേണ ഈ യുവകവി വിമുക്തനായി. വി. ടി. ഭട്ടതിരിപ്പാട്, പി. സി. കുട്ടികൃഷ്ണൻ, ഇ. നാരായണൻ, അക്കിത്തം തുടങ്ങിയവരടങ്ങുന്ന പൊന്നാനിയിലെ പ്രബുദ്ധമായ സാഹിതീവൃത്തത്തിലെ ചർച്ചകൾ, സ്വാതന്ത്ര്യസമരത്തിന്റെയും ദേശീയ നവോത്ഥാനത്തിന്റേയും കർമപരിപാടികൾ, മാർക്സിയൻ സോഷ്യലിസത്തിന്റെ പ്രത്യാശാവഹമായ സന്ദേശം, സമൂഹത്തിൽ നടമാടിയിരുന്ന നീതിവൈകല്യങ്ങളും ദൗഷ്ട്യങ്ങളും സാധാരണക്കാരുടേയും അകിഞ്ചനരുടേയും ജീവിതത്തിൽ വരുത്തിവെച്ച ദുരന്തപരിണാമങ്ങൾ – ഈ അന്തരീക്ഷത്തിലാണ് ഇടശ്ശേരിയുടെ സർഗചേതന ഉണർന്നത്. സ്വകീയമായ സ്വരത്തിലും കാഴ്ചപ്പാടിലും സുശക്തമായി പ്രതികരിക്കാൻ തുടങ്ങിയത്. ജീവിത യാഥാർത്ഥ്യത്തിന്റെ പീഠഭൂമിയിൽ ഉറച്ചുനിന്ന്, വ്യക്തിജീവിതത്തിലേയും കുടുംബജീവിതത്തിലേയും സാമൂഹ്യജീവിതത്തിലേയും ഹൃദയോന്മഥികളായ ദുരനുഭവങ്ങളെ അറിഞ്ഞ് ഉൾക്കൊണ്ട്, ഒരു മനുഷ്യസ്നേഹിയുടെ സഹാനുഭൂതിനിർഭരമായ വീക്ഷണത്തോടെ, കലാമർമജ്ഞതയോടെ രൂപപ്പെടുത്തുന്ന കഥാകാവ്യശില്പങ്ങളിലാണ് ഇടശ്ശേരിയുടെ കാവ്യസാധന സാഫല്യമടഞ്ഞത്.

അമ്പാടിയിലേക്ക് വീണ്ടും പോകുന്ന അക്രൂരന് എന്നപോലെ ജീവിതത്തിന്റെ നിമ്നോന്നതമായ പാതയിൽക്കൂടിയുള്ള യാത്ര ഇടശ്ശേരിക്ക് പ്രിയംകരമാണ്. 'അഭിമുഖം നില്പതാം ജീവനുജീവൻ പോൽ അഭിമതദർപ്പണമില്ല വേറെ' എന്നു പാടിയ ഇടശ്ശേരിയുടെ കവിത 'റിയലിസ'ത്തിൽ അധിഷ്ഠിതമാണ്. ആവിഷ്കരണത്തിന്റെ സഫലതയ്ക്കും ശക്തിക്കും അനിവാര്യമാകുന്നത്ര കാല്പനികാംശത്തിനേ അവിടെ പ്രാധാന്യമുള്ളു. റൊമാന്റിക്കിന്റെ സ്വപ്നാടനത്തിനോ, സ്വീയവികാരങ്ങളുടെ കെട്ടഴിച്ചുവിടലിനോ, ഭാവനയുടെ അനന്തതയിലേക്കുള്ള ഉഡ്ഡയനത്തിനോ മുതിരുന്നതല്ല, ഇടശ്ശേരിയുടെ കവികർമം. തന്നിൽത്തന്നെ കേന്ദ്രീകരിക്കുന്ന റൊമാന്റിസിസ്റ്റിന്റെ അഹംബുദ്ധിയും സ്വപ്രമാണപരതയും സമൂഹത്തോടും യാഥാർത്ഥ്യങ്ങളോടുമുള്ള പരാങ്മുഖതയും മറ്റും ഇടശ്ശേരിക്ക് അന്യമാണ്. സമൂഹമനസ്സുമായി സാത്മ്യം പ്രാപിച്ചുകൊണ്ടുതന്നെ അതിനെ കരയ്ക്കു നിന്നു കണ്ട് സമസ്തലോക സുഖം പരമാദർശമാക്കി, തന്റെ ചിന്താശീലത്തിൽ സ്ഫുടംചെയ്താണ് ഇടശ്ശേരി മനുഷ്യാനുഭവങ്ങൾ കഥകളാക്കുന്നത്. ഏതാദർശവും വെളിച്ചംതൂകുവോളം മാത്രമേ മാനിക്കാവൂ എന്നും സംസ്കാരവിഭവത്തിൽ ക്രൗര്യവും മനുഷ്യന്റെ പൈതൃകമാണെന്നുമാണല്ലോ ഇടശ്ശേരി പാടിയത്. ഇടശ്ശേരി നാസ്തികനെങ്കിലും, 'തുഞ്ചൻ പറമ്പിലെ ഹനുമാനി'ൽ നല്കിയ സന്ദേശം ഭക്തിയുടെ പരമമായ അർത്ഥം മനുഷ്യസേവനകർമം തന്നെ എന്നാണ്. വ്യഷ്ടിസമഷ്ടികളുടെ ക്ഷേമസംസ്ഥാപനത്തിനുള്ള കർമപന്ഥാക്കളെക്കുറിച്ചല്ലാതെ, അവയിൽ നിന്ന് വേറിട്ടുള്ള ആധ്യാത്മിക സാക്ഷാത്ക്കാര മാർഗ്ഗങ്ങൾ ഇടശ്ശേരി അന്വേഷിക്കുന്നില്ല. വിശ്വാസാചാരങ്ങളേയും അനുഷ്ഠാനങ്ങളേയും പഴങ്കഥകളേയും ആസ്പദമാക്കി രചിക്കപ്പെട്ടിട്ടുള്ള കാവിലെപ്പാട്ട്, പൂതപ്പാട്ട് എന്നീ കവിതകളിലും ഇടശ്ശേരി അമാനുഷ ശക്തികളുടെമേൽ മനുഷ്യമനസ്സ് നേടുന്ന ആത്യന്തിക വിജയത്തെയാണ് കൊണ്ടാടുന്നത്. മർത്ത്യലോകത്തിന്റെ അബോധചേതസ്സായ മഹാസമുദ്രത്തിലെ അപ്രമേയ ശക്തിയായി സൃഷ്ടിസ്ഥിതിസംഹാരങ്ങൾക്കെല്ലാം ഒരു പോലെ കാരണഭൂതയായി വർത്തിക്കുന്ന 'മഹാമാതാവി' നെക്കുറിച്ചുള്ള സങ്കല്പവും തദനുസാരമായ ആചരണങ്ങളും എല്ലാം മതപാരമ്പര്യങ്ങളിലും രൂഢമൂലങ്ങളായിരുന്നു. ബി.സി. 4–5 നൂറ്റാണ്ടുകളിലുണ്ടായ

'ബുക്ക് ഓഫ് ജോബി' ൽ (Book of Job) പുരുഷ ദൈവമായ യഹോവ നീതിമാനായി സൃഷ്ടിസംഹാരങ്ങൾക്ക് കർത്താവായിരിക്കുന്നു എന്ന് ദർശിക്കപ്പെടുന്നതിനൊക്കെ മുമ്പേ ലോകത്തിലെ വിവിധ മതങ്ങളെയെല്ലാം നിഗൂഢമായ പ്രകൃതിശക്തിയുടെ പ്രതീകമായി മഹാമാതൃസ്വരൂപസങ്കല്പം പുലർത്തിപ്പോന്നത് എറിക് ന്യൂമാൻ തന്റെ 'ദി ഗ്രേറ്റ് മദർ' എന്ന ഗ്രന്ഥത്തിൽ സവിസ്തരം പ്രതിപാദിച്ചു കാണാം. സംഹാരരൂപിണിയായി ഈ ഉഗ്രമൂർത്തി ദയാമയിയും അനുഗ്രഹദായിനിയുമായി മാറുന്നതിന്റെ കഥയായ കാവിലെ പാട്ടും, താൻ കവർന്നെടുത്ത കുഞ്ഞിനെ ഒരു അമ്മയുടെ ശാപം പേറാൻ ശക്തിയില്ലാതെ തിരിച്ചുനല്കി സന്താനദുഃഖത്തിന്റെ തേങ്ങലുമായി ഉഴലുന്ന ആസുരശക്തിയായ പൂതത്തിന്റെ കഥയും മനുഷ്യമനസ്സിന്റെ വിശുദ്ധിയിലും ദൃഢവ്രതത്തിലും ത്യാഗസന്നദ്ധതയിലും ഇടശ്ശേരിക്കുള്ള വിശ്വാസത്തെ വ്യക്തമാക്കുന്നവയും സാർവജനീനമായ മാനസികാവേഗങ്ങളെ കടന്നുണർത്തി സംതൃപ്തി പ്പെടുത്തുന്നവയുമാണ്.

സ്വാനുഭവങ്ങൾ സത്യസന്ധതയോടെ പ്രകാശിപ്പിക്കുന്ന കവി ആശയപരമായി വിഭക്തമനസ്സാകാം. ഈ പ്രവണത റൊമാന്റിക് കവികളിൽ മാത്രമുള്ളതായി ഒതുക്കിനിർത്താൻ വയ്യ. ശാസ്ത്രപുരോഗതിയാലും സാങ്കേതികവിദ്യകളാലും മനുഷ്യൻ പ്രകൃതിയെമെരുക്കി കറവപ്പശുവാക്കിയതിനെപ്പറ്റി 'കുറ്റിപ്പുറം പാലം' പോലുള്ള കവിതകളിൽ ഇടശ്ശേരി സാഭിമാനം പാടുകയും, അതേസമയം ഇത്തരം നേട്ടങ്ങളും വൈയവസായികതയും നാഗരികതയും മനുഷ്യരുടെ തൊഴിൽനഷ്ടത്തിനും ഗ്രാമജീവിതത്തിന്റേയും പ്രകൃതി സൗഭാഗ്യത്തിന്റേയും നാശത്തിനും കാരണമാകുന്നതിൽ ഒരു പരിസ്ഥിതി വാദിയെപ്പോലെ ഖേദിക്കുകയുമാണ്, 'നെല്ലുകുത്തുകാരി പാറു', 'പുളിമാവു വെട്ടി' തുടങ്ങിയ കവിതകളിൽ. ഗാന്ധിയൻ ആദർശത്തിന്റെ ആത്മഗൗരവം ഉൾക്കൊണ്ട ഇടശ്ശേരി അഹിംസാവാദിയാണ്. എന്നാൽ ബുദ്ധനും ഞാനും നരിയും എന്ന കവിതയിൽ റേഷൻ വാങ്ങി തന്റെ പട്ടിണിക്കുടുംബത്തിലേക്കു മടങ്ങുന്ന പാവപ്പെട്ട തൊഴിലാളി തന്റെ നേരെ ആയുന്ന പുലിയെ കൈയിൽ കിട്ടിയ ബുദ്ധവിഗ്രഹം മറിച്ചിട്ട് കൊല്ലുന്നത് അനിവാര്യമായ അഹിംസാദർശവിലംഘനമായും അദ്ദേഹം കാണുന്നു

ജന്തു ഹിംസ, അത് ബുദ്ധവിഗ്രഹം കൊണ്ടായിരിക്കെത്തന്നെ, ഗാന്ധിജിക്കും എതിർക്കാനാകാത്ത ഒന്നാകുമെന്ന് ഇടശ്ശേരിക്കറിയാം.

'അരിയില്ല, തിരിയില്ല, ദുരിതമാണെന്നാലും
നരി തിന്നാൽ നന്നോ മനുഷ്യന്മാരെ?'

എന്ന ലാഘവബുദ്ധിദ്യോതകമായ ആ ചോദ്യത്തിലെ നർമസ്ഫുരണത്തിൽ ഒരു മഹാപ്രബന്ധത്തിനുള്ള ചിന്താഭാരം ഒളിഞ്ഞിരിക്കുന്നു. അരച്ചാൺ വയറിനുവേണ്ടി അധ്വാനിച്ച് അർധപട്ടിണിയിൽ കഴിയുന്ന തൊഴിലാളികളേയും നിസ്വവർഗത്തെയും സമൂഹം ചൂഷണം ചെയ്യുന്നതിന്റെ ഞെട്ടിപ്പിക്കുന്നതും കുത്തിനോവിക്കുന്നതുമായ സംഭവചിത്രങ്ങൾ അടങ്ങുന്ന പുത്തൻ കലവും അരിവാളും, പണിമുടക്ക്, ചകിരിക്കുഴികൾ തുടങ്ങിയ കവിതകൾ, പി. നാരായണക്കുറുപ്പ് ചൂണ്ടിപ്പറഞ്ഞതുപോലെ, നയതന്ത്രപരമായി പടപ്പാട്ടുകളെഴുതിയവരെ മാറ്റിനിർത്തിപ്പറഞ്ഞാൽ 'മലയാളത്തിൽ പ്രോലിറ്റേറിയൻ സംസ്കാരമുള്ള ആദ്യത്തെ കവിയും ഒരേയൊരു കവിയും ഇടശ്ശേരിയാണ്' എന്ന വസ്തുതയ്ക്ക് നിദർശനങ്ങളാണ്. ഇടശ്ശേരി ഒരു കമ്യൂണിസ്റ്റ് വിപ്ലവകവിയായി ചിലരാലെങ്കിലും ഗണിക്കപ്പെടാനും അവരാൽത്തന്നെ പിന്നീട് ആ പട്ടികയിൽനിന്ന് പുറന്തള്ളപ്പെടാനുമൊക്കെ ഈ കവിതകൾ കാരണമായിട്ടുണ്ട്. 'വാഴക്കുല'യിൽ ചങ്ങമ്പുഴ സമരകാഹളവും മുദ്രാവാക്യങ്ങളും മുഴക്കാത്തതുകൊണ്ട് അദ്ദേഹത്തെ തള്ളിപ്പറഞ്ഞത് പാർട്ടി 'ജഡ്ജ്മെന്റിൽ' പറ്റിയ തെറ്റായിരുന്നെന്ന് തിരുത്തപ്പെട്ടിട്ടുണ്ട്. തെറ്റിപ്പോകലും തിരുത്തലും അതുപോലെ ഇവിടേയും ആവർത്തിക്കപ്പെടുന്നു. എക്കാലത്തും ഇളക്കമുണ്ടാകാത്ത വീക്ഷണമോ വിശ്വാസ പ്രതിഷ്ഠയോ കവികൾക്ക് ഉണ്ടായിരിക്കാനിടയില്ലെന്നും, അങ്ങനെ ഒരു ആദർശദീക്ഷ അസ്ഥാനത്താണെന്നും, കവിയുടെ ആദർശങ്ങളിൽ സ്ഥൈര്യമേറുന്നതിനെ പ്രാധാന്യേന കണ്ടാദരിക്കണമെന്നുമുള്ള പക്ഷത്തെ അംഗീകരിക്കാം. ആ നിലയിൽ നോക്കിയാൽ ഇടശ്ശേരി ഗാന്ധിയൻ ആദർശത്തിലും മനുഷ്യപ്രേമാധിഷ്ഠിതമായ കർമനിർവഹണത്തിൽ ഊന്നുന്ന ഭാരതീയമായ അധ്യാത്മിക സംസ്കാരത്തിലും ഉറച്ചുനില്ക്കുന്ന കവിയാണ്. 'പുത്തൻകലവും അരിവാളും' എന്ന കവിതയിൽ അധികാരം ആദ്യം കൊയ്യണമെന്ന ആഹ്വാനത്താൽ ഇടശ്ശേരി വിവക്ഷിച്ചത്, 'അധികാരം യഥാർഥത്തിൽ ജനങ്ങളിലേക്ക് പകരാനുള്ള ദേശവ്യാപകവും സംഘടിതവുമായ ജനകീയ പ്രസ്ഥാനങ്ങളാണ്. ഒരു പാടത്തോ റോഡിലോ വെച്ചുള്ള രക്തപങ്കിലങ്ങളായ ഏറ്റുമുട്ടലുകളോ അല്ല ആവശ്യം' എന്ന് ഗാന്ധിജി പഠിപ്പിക്കാൻ മിനക്കെട്ടപാഠമാണെന്ന് കൃഷ്ണവാരിയർ തിരിച്ചറിഞ്ഞിട്ടുണ്ട്. പഠിഞ്ഞതായ ഈ പാഠത്തിൽ അചികിത്സ്യനായ ശുഭാപ്തി വിശ്വാസക്കാരൻ എന്ന് 'കൂട്ടുകൃഷി'യുടെ അവതാരികയിൽ ഇടശ്ശേരി വിശേഷിപ്പിക്കപ്പെട്ടിട്ടുമുണ്ട്. അധികാരം കൊയ്യണമെന്ന കാര്യത്തിൽ പ്രോളിറ്റേറിയൻ സംസ്കാരമാർജിച്ചിട്ടുള്ള കവി നിശ്ശബ്ദനായിരിക്കുന്നത് ശ്രദ്ധേയമാണ്. എക്കാലവും തന്നെ അലട്ടിക്കൊണ്ടിരിക്കുന്ന മനുഷ്യദീനതകളെക്കുറിച്ച് എഴുതേണ്ടിവരുമ്പോൾ തത്ത്വശാസ്ത്രങ്ങളുടെ നേർക്കുള്ള വിനയാദരങ്ങൾ വിട്ടുപിരിയാറുണ്ടെന്നും, ഒരു കൂട്ടർക്ക് താൻ വെള്ളത്തൊപ്പിക്കാരനും മറ്റൊരു കൂട്ടർക്ക് ചൊമന്ന തൊപ്പിക്കാരനുമായത് വാസതവത്തിൽ തന്റെ സ്വൈര്യജീവിതത്തിന് വളരെയേറെ ഉപകരിച്ചു എന്നും തന്റെ കാവ്യജീവിതത്തെപ്പറ്റിയുള്ള ലേഖനത്തിൽ എടുത്തുപറഞ്ഞതും സ്മരണീയമാണ്.

മുകളിൽ പരാമർശിച്ച കവിതകളിലെ വീക്ഷണപരമായ പൊരുത്തക്കേടും മൗനവുമെല്ലാം ഇടശ്ശേരിയിലെ വിഭക്തമനസ്കതയിലേക്കാണ് ചൂണ്ടുന്നത്. വസ്തുതകളുടെ ഇരുവശങ്ങളും കണ്ടറിയുന്നവർക്ക് ഇരു വശങ്ങളിൽ നിന്നുമുള്ള വലിവുകളുടെ ഫലമായുണ്ടാകുന്ന മൗനവും നിശ്ചലതയും സ്വയം മൂല്യവത്തായ ഒരു ചേതോവസ്ഥയുടെ അഭിവ്യക്തിയാണ്. ആധുനിക കാലങ്ങളിലെ ജീവിതസമസ്യകളെയും സങ്കീർണ്ണതകളെയും നേരിട്ട് സത്യസന്ധതയോടെ പ്രതികരിക്കുന്ന പ്രതിഭാസമ്പന്നരായ എഴുത്തുകാരിൽ ആ പൊരുത്തക്കുറവുകൾ സാമാന്യേന പ്രത്യക്ഷമാകുന്നു. എന്നാൽ ഈ അവസ്ഥയിലും അവരിൽ പിഴുതെറിയാനാകാത്തവണ്ണം രൂഢമൂലമായ വിശ്വാസങ്ങളും ഉണ്ടായിരിക്കും. ഇടശ്ശേരിയിൽ അത് എന്താണെന്ന് അദ്ദേഹം തന്നെ ഇങ്ങനെ വ്യക്തമാക്കിയിട്ടുണ്ട്.

'ഗാന്ധിജിയെ അനുസ്മരിച്ചുകൊണ്ടല്ലാതെ സാഹിത്യത്തിൽ ഒരു വരിപോലും ഞാൻ ഇന്നേവരെ എഴുതിയിട്ടില്ല. ജീവിതത്തെക്കുറിച്ച് സാരമായി ചിന്തിച്ചവരിൽ എനിക്ക് പരിചിതൻ മഹാത്മജി മാത്രമാണ്. അതുകൊണ്ട് എന്റെ ജീവിതത്തിൽ വളർച്ച എന്നു വിശേഷിപ്പിക്കാവുന്ന വല്ല പരിവർത്തനവും ഉണ്ടായിട്ടുണ്ടെങ്കിൽ അതിനുള്ള പ്രേരണ മറ്റൊരാളിൽ നിന്നാകാൻ വയ്യ.'

ഇടശ്ശേരിയിലെന്നപോലെയുള്ള പൊരുത്തക്കേടുകളും വിചികിത്സകളും മൗനനിശ്ചലതകളും വൈലോപ്പിള്ളിയിലും കാണാവുന്നതാണ്. 'മുള്ളൻ ചീര' നശിപ്പിക്കുന്നതിൽ ക്രൗരത്തെ സംസ്കാര പൈതൃകമായിക്കണ്ട് ഇടശ്ശേരി ആശ്വസിക്കുന്നു. സർപ്പക്കാട് വെട്ടിവെളുപ്പിക്കുന്നതിൽ ശാസ്ത്രബോധത്തിന്റെ മഴു ഉയർത്തിപ്പിടിച്ച വൈലോപ്പിള്ളിയിൽ ഒരു ഫ്യൂഡൽ സംസ്കാരവിനാശത്തിന്റെ ദുഃഖം മൂകമായി സ്പന്ദിക്കുന്നു. മദമിളകി കൊലക്കളി നടത്തിയ സഹ്യന്റെ മകൻ വധ്യനോ അവധ്യനോ എന്നതിൽ കവിയുടെ അഭിപ്രായം വ്യക്തമാക്കുക എന്നതിനേക്കാൾ പ്രധാനം മൂല്യസൂചകമായ മൗനത്തിന്റെ വ്യഞ്ജനകൾക്കു തന്നെയാണ്. പുരോഗതിയിലും മാനവശക്തി വിജയങ്ങളിലും അവയുടെ അനിവാര്യതയിലും വിശ്വാസമുണ്ടായിരിക്കെത്തന്നെ, സംസ്കാരപൈതൃകങ്ങൾ നിർമൂലനം ചെയ്യപ്പെടുന്നതിൽ വൈലോപ്പിള്ളിക്ക് വിഷാദമുണ്ട്. ഇടശ്ശേരിയിൽ ഈ അവസ്ഥയില്ല. മാനവക്ഷേമത്തിനും സുസ്ഥിതിക്കും വിഘാതമായിട്ടുള്ള എല്ലാ മനോഭാവങ്ങളേയും ചിന്താരീതികളേയും സമീപനങ്ങളേയും തന്നോടുതന്നെ ക്രൗര്യം കാണിച്ച് പരിവർജ്ജിക്കാനും, പൊരുത്തക്കേടുകൾക്ക് പരിഹാരം കാണാനും ജീവിതത്തെ കർമോജ്ജ്വലമായ പുരോയാനമാക്കി മാറ്റാനുമുള്ള സന്നദ്ധതയിൽ ഇടശ്ശേരിക്ക് സംസ്കാര പൈതൃകങ്ങളുടെ തടസ്സങ്ങളില്ല.

ഇടശ്ശേരിയുടെ ആദ്യകാലം തൊട്ടുള്ള രചനകൾ നോക്കിയാൽ ക്ലാസിക് – റൊമാന്റിക് ശൈലികളിലും, പിന്നെപ്പിന്നെ പ്രമേയാദാനത്തിലും ആവിഷ്കാര രീതിയിലും അടിസ്ഥാനപരമായി റിയലിസ്റ്റിക് സമീപനവുമാണ് അദ്ദേഹം കൈക്കൊണ്ടതെന്നു കാണാം. കാല്പനികതയുടെ ആത്മനിഷ്ഠയോ, പദ സംഗീത ലഹരിയോ, വികാരോഷ്മളതയോ, അതിഭാവുകത്വമോ അന്വേഷിക്കുന്നവരാണ് ഇടശ്ശേരിയുടെ കവിത കേവലം ധൈഷണികമായിക്കാണുന്നത്. കവിത അങ്ങനെ ബുദ്ധിക്കും വികാരത്തിനുമായി കക്ഷ്യതിരിച്ചു നിർത്താവുന്നതല്ലെന്നും നില്ക്കുന്നതല്ലെന്നും കവിതയുടെ കാലാന്തരത്തിലുള്ള വികാസഗതികളിൽനിന്ന് അറിയേണ്ടതാണ്. ചിന്താംശത്താൽ ആദ്യന്തം നിയന്ത്രിതമായ ഭാവഭാവനകളുടെ ഗൗരവമാണ് ഇടശ്ശേരിക്കവിതകളുടെ ശക്തി. ലക്ഷ്യം മറന്നു പോകുന്നതോ പിഴയ്ക്കുന്നതോ ആയ ശരപ്രയോഗം ചെയ്യാത്ത കവിയാണ് ഇടശ്ശേരി.

മനുഷ്യ കഥാഖ്യാനങ്ങളാണ് ഇടശ്ശേരിയുടെ കാവ്യസമ്പത്തിലെ സാരാംശം. തന്റെ തട്ടകത്തിൽനിന്ന് കണ്ടെടുക്കുന്ന സാർഥകങ്ങളായ മനുഷ്യാനുഭവങ്ങളെ ഭാവാർഥധ്വനി സാന്ദ്രമായ കാവ്യഭാഷയാൽ സൃഷ്ടിക്കുന്ന അവിശ്ലഥവും ശിതാഗ്രവുമായ ഹ്രസ്വശില്പങ്ങളിലൂടെ ആവിഷ്കരിക്കുന്ന ഇടശ്ശേരി പാത്രചേതസ്സിന്റെ സ്പന്ദനങ്ങളെ അനുഭൂതമാക്കിത്തരുന്നതിനായി കഥ പറയലിന്റെ എല്ലാതരം ടെക്നിക്കുകളും വിദഗ്ദ്ധമായി ഉപയോഗിച്ചു കാണാം. പണിമുടക്കം, ബിംബിസാരന്റെ ഇടയൻ, കല്യാണപ്പുടവ, വിവാഹസമ്മാനം, പെങ്ങൾ, മകന്റെ വാശി, വരദാനം, പൂതപ്പാട്ട്, അങ്ങേവീട്ടിലേക്ക് തുടങ്ങിയ ഒട്ടേറെ പ്രശസ്ത കവിതകൾ ഈ കാര്യത്തിൽ പഠനഗവേഷണ കുതുകികൾക്ക് സമ്പന്നമായ ഈടുവെപ്പു തുറന്നുകൊടുക്കുന്നതാണ്. പഠിച്ചറിഞ്ഞതിനേക്കാൾ ഏറെ അനുഭവപരിജ്ഞാനത്തിൽനിന്ന് ഉയിർക്കൊണ്ടതും സുസംശോധിതവുമായ ആശയങ്ങളുടെ ഉത്തേജകമായ വ്യാമർദവും, ഇടശ്ശേരിതന്നെ പറഞ്ഞപോലെ ഇത്തിരി വ്യാകരണം പഠിച്ചവർക്ക് നഷ്ടപ്പെടാറുള്ള ആ 'നാനാജഗന്മനോരമ്യമായ' നാട്ടുഭാഷയുടെ സവിശേഷമായ ശക്തിസാരള്യങ്ങളും ഇടശ്ശേരിക്കവിതയിലെന്നോണം മറ്റെങ്ങും അന്വേഷകർക്ക് അനുഭവപ്പെടുന്നതല്ല.

1930കൾ തൊട്ടുള്ള ഇടശ്ശേരിക്കവിതകളിലെ ആധുനികതയും ആധുനികോത്തരതയും എവിടെവരെ ഏതുവരെ എന്നൊക്കെതാൽപര്യമുള്ളവർക്ക് അന്വേഷിക്കാം. ഇവിടെ ഒന്നേ പറയാനുള്ളൂ. ആ കവിതകളുടെ മൂല്യവും പ്രസക്തിയും ആസ്വാദകർക്കറിയാം. ആ അറിവ് കാലാന്തരത്തിൽ പെരുകുകയും വ്യാപിക്കുകയുമാണ്.

മാതൃഭൂമി ആഴ്ചപ്പതിപ്പ് 1997 ജൂലായ് 20–26